കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോർക്കുളം ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)372/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി: 18.05.20

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
പോർക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോർക്കുളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)372/20 തിയ്യതി : 18.05.20

# തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 7.10.2018മുതൽ 31.01.20 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.3.2020 മുതൽ 19.3.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബേബി.പി.വി. | ഓഡിറ്റ് ഓഫീസർ |
| | ലിഷ.കെ.വി. | അസി.ഓഡിറ്റ് ഓഫീസർ |
| | രേഖ സി. | അസി.ഓഡിറ്റ് ഓഫീസർ |
| | രേഖ.ഇ.സി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഓമന ബാബു | 01.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | ഷൈബ ഗോപാൽ | 01.04.2018 മുതൽ 27.5.18വരെ |
| സെക്രട്ടറി ഇൻ ചാർജ് | ഷീജ.എൻ.വി. | 28.5.18മുതൽ 19.6.18 വരെ |
| സെക്രട്ടറി | വൃന്ദ.വി. | 20.6.18 മുതൽ 15.7.18.വരെ |
| സെക്രട്ടറി ഇൻ ചാർജ് | ഷീജ.എൻ.വി. | 16.7.18മുതൽ 25.7.2018 വരെ |
| സെക്രട്ടറി | വൃന്ദ.വി. | 26.7.18മുതൽ 14.3.2019 വരെ |
| സെക്രട്ടറി ഇൻ ചാർജ് | ഷീജ.എൻ.വി. | 15.3.19മുതൽ 31.3.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ഷീജ.എൻ.വി. | 01.04.2018 മുതൽ 31.3.2019 വരെ |
| അസി.എഞ്ചിനീയർ | പ്രസൂൺ.ഇ. | 01.04.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ജയശ്രീ.ഇ. | 01.04.2018 മുതൽ 1.5.2018വരെ |
| | ഗംഗാദത്തൻ | 2.5.2018 മുതൽ 30.6.18 വരെ. |
| | ജയശ്രീ.ഇ. | 1.7.2018 മുതൽ 22.7.18 വരെ. |
| | വിനീഷ് കുമാർ | 23.7.2018 മുതൽ 31.8.18 വരെ. |
| | ജയശ്രീ.ഇ. | 1.9.2018 മുതൽ 31.3.19 വരെ. |
| വി.ഇ.ഒ | രോഹിണി.വി.ജെ.( ഇൻ ചാർജ്ജ്) | 01.04.2018മുതൽ 04.05.18 വരെ |
| | ജസീറ.വി.എ. | 05.05.2018മുതൽ 29.08.18 വരെ |
| | രോഹിണി.വി.ജെ.( ഇൻ ചാർജ്ജ്) | 30.08.2018മുതൽ 31.3.19വരെ |
| എൽ.വി.ഇ.ഒ | രോഹിണി.വി.ജെ. | 01.04.2018മുതൽ 31.3.19വരെ |
| | | |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ബൈജു.ഇ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കവിത | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഇഷ ബ്രൂസ്. | 01.04.2018 മുതൽ 18.5.18വരെ |
| | ഡോ.ദിവ്യ.ജി. | 19.5.2018 മുതൽ 4.6.18വരെ |
| | ഡോ.റിൻസി.പി. | 5.6.2018 മുതൽ 31.3.19വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | സിന്ധു. എ.കെ | 1.04.18മുതൽ 29.07.18വരെ |
| | ബിന്ദു. സി എസ് | 30.07.18മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജിഷ. കെ.ജി | 1.4.18മുതൽ 31.03.19വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക | ഖണ്ഡിക നം |
|---|---|---|
| ഭാഗം – 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 13 | വസ്തുനികുതി നിർണയത്തിൽ കണ്ടെത്തിയ അപാകതകൾ | 1-13 |
| 14 | പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അവലോകനം. | 1-14 |
| 15 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ പദ്ധതി-ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 1-15 |
| 16 | മരാമത്ത് പ്രവൃത്തികളിലെ ഫൈനൽ ബില്ലുകൾ ഹാജരാക്കിയില്ല. | 1-16 |

| | | |
|---|---|---|
| 17 | ആശ്രയ ബാങ്ക് അക്കൗണ്ടിൽ വൻതുക നീക്കിയിരുപ്പ്. | 1-17 |
| 18 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ-രേഖകൾ ലഭ്യമല്ല. | 1-18 |
| 19 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ വിവിധ പദ്ധതികൾ-ഗുണഭോക്താക്കളുടെ അർഹത പുനപരിശോധിക്കേണ്ടതാണ്. | 1-19 |
| 20 | S0041/19- കന്നുകുട്ടി പരിപാലനം -ചെലവു രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 21 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ മറ്റു പദ്ധതികളിലെ അപാകതകൾ | 1-21 |
| 22 | S0016/19-നെൽകൃഷി വികസനം-ആവശ്യമായ ചെലവുരേഖ കളില്ലാതെ സബ്സിഡി അനുവദിച്ചു | 1-22 |
| 23 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-23 |
| 24 | കർഷകർക്ക് ഉത്പാദന ബോണസ് -അക്കൗണ്ടിലേക്ക്ക്രഡിറ്റ് ചെയ്തിട്ടില്ല | 1-24 |
| 25 | പാലിന് സബ്സിഡി-അധിക തുക അനുവദിച്ചു. | 1-25 |
| 26 | മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗിക്കാത്ത തുക തിരിച്ചടവാക്കിയിട്ടില്ല. | 1-26 |
| 27 | വെള്ളക്കരം അടവാക്കൽ- ബിൽ പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കിയിട്ടും അരിയർ ഇനത്തിൽ തുക അടവാക്കിയിരിക്കുന്നു. | 1-27 |
| 28 | മങ്ങാട് കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര വാങ്ങൽ-സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത ഉല്പന്നം സപ്ലൈ ചെയ്തു | 1-28 |
| 29 | തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ | 1-29 |
| 30 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 1-30 |
| | ഭാഗം – 2<br>വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 3<br>ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 4 | |
| 31 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 42 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 24.3.18 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | മുന്നിരിപ്പ് | 3,702,127 |
| | വരവ് | 18,84,18,200 |
| | ആകെ | 192120327 |
| | ചെലവ് | 190559083 |
| | നീക്കിയിരിപ്പ് | 1561244 |

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.19 | 14.05.19 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,929,646 |
| വരവ് | 50,049,129 |
| ആകെ | 52978775 |
| ചെലവ് | 45272260 |
| നീക്കിയിരിപ്പ് | 7706515 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 9152899 | 9152899 | 8673370 | 479529 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6800000 | 6800000 | 4690001 | 2109999 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2000 | 2000 | 0 | 2000 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 10433000 | 10433000 | 10429921 | 3079 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 2743439 | 36561 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4248000 | 4248000 | 2329968 | 1918032 |

# 1-5 പദ്ധതി അവലോകനം

2018-19 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 171 | 55398678 | 120 | 33810534 | 31 | 20 | 61 % |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1019 | 483747 | 484766 | 483809 | 957 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 12534265 | 12534265 | 12534265 | 0 |
| മൂലധനച്ചെലവുകൾ | – | – | – | – | 0 |
| ആകെ | 1019 | 13018012 | 13019031 | 13018074 | 957 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30360 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 2384800 | 173 |
| വിധവാപെൻഷൻ | 10226300 | 820 |
| വാർദ്ധക്യകാലപെൻഷൻ | 13041500 | 1007 |
| വികലാംഗപെൻഷൻ | 2089800 | 167 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 1500500 | 121 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.3.2020 തീയതി 3. PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4876/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം.

പോർക്കുളം ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെകുറെ തൃപ്തികരമാണ്. വൗച്ചറുകളിൽ 4/18, 5/18 എന്നീ മാസങ്ങളിൽ സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. ബിൽ രജിസ്റ്ററിൽ സാംഖ്യ പേയ്മെന്റ് വൗച്ചർ നമ്പർ എഴുതി സൂക്ഷിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററുകൾ ശരിയാംവണ്ണം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ട്. കുടിവെള്ള സൗകര്യം, ഇരിപ്പിട സൗകര്യം എന്നിങ്ങനെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികൾ കാലയളവ് പൂർത്തികരിക്കുന്നില്ല. എ.ഇ നിർവ്വഹണം നടത്തിയ വരവ് ചെലവുകളുടെ വിവരങ്ങൾ TR.7A മാതൃകയിലുള്ള കാഷ്ബുക്കിൽ എഴുതി സൂക്ഷിക്കുന്നില്ല. മത്സരാധിഷ്ഠിത ടെണ്ടറുകൾ തുലോം കുറവായികാണപ്പെടുന്നു. മത്സരാധിഷ്ഠിടെണ്ടറുകൾ പ്രോത്സാഹിക്കപ്പെടേണ്ടതാണ്. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തി കാലീകമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളോടൊപ്പം മോണിട്ടറിംഗ് നടത്തുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപികരണത്തിന് ശേഷം മോണിട്ടറിംഗ് സമിതികളായി മാറി മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സെക്രട്ടറി പൂർണ്ണമായും സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല. പ്രസിഡണ്ടിന്റെ പേരിൽ ദുരിതാശ്വാസ നിധി അക്കൗണ്ട് രൂപികരിച്ചിട്ടില്ല. ലോഗ് ബുക്കിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. ആഭ്യന്തര സംവിധാനം കാര്യക്ഷമമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ ഇടപ്പെടലുകൾ ഉണ്ടാകേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5-2-2020മുതൽ 6-2-2020 വരെ | 2019 ഡിസംബർ,2020 ജനുവരി. | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.3.2009.മുതൽ 19.3.2009. വരെ | 1997-98 മുതൽ 2004-05 വരെ | 19.4.2010. |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1469788 | 1394089 | 79427 | 5017 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1469788 | 1394089 | 79427 | 4260 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(4473 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

* സാംഖ്യ സഞ്ചയ എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. 2017-18 വാർഷിക കണക്ക പ്രകാരം 9480 രൂപയാണ് ഈ ഇനത്തിലെ മുൻകൂർ വരവ്. എന്നാൽ സഞ്ചയ, സാംഖ്യ ലഡ്ജർ എന്നിവ പ്രകാരം 79427 രൂപ ക്രമീകരിച്ചിട്ടുണ്ട്.

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 906720 | 838461 | 73241 | 3002 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 906720 | 835700 | 73241 | 3003 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 3153 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

സാംഖ്യയിലേയും സഞ്ചയയിലെയും വരവ് തുകകൾ പൊരുത്തപ്പെടുന്നില്ല2017-18 വാർഷിക കണക്ക പ്രകാരം 1889 രൂപയാണ് ഈ ഇനത്തിലെ മുൻകൂർ വരവ് . എന്നാൽ സഞ്ചയ, സാംഖ്യ ലഡ്ജർ എന്നിവ പ്രകാരം 73241 രൂപ ക്രമീകരിച്ചിട്ടുണ്ട്.

## 2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 204041 | 195848 | 13099 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 283445 | 195848 | 12679 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (169786+12781)/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (13313/105X100) |

സഞ്ചയ പ്രകാരം കുടിശ്ശികഡിമാന്റിൽ കുറവുവരുത്തിയിട്ടുണ്ട്. ആയതിന്റെ notes to account പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. സാംഖ്യയിലേയും സഞ്ചയയിലെയും നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 118882 | 112012 | 10079 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 122681 | 112012 | 10082 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(88297+40518)/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(10586/105X100)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

സഞ്ചയ പ്രകാരം കുടിശ്ശിക ഡിമാന്റിൽ കുറവുവരുത്തിയിട്ടുണ്ട്. ആയതിന്റെ notes to account പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്.

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 75382 | 10866 | 86248 | 71018 | 10066 | 81084 | 4414 | | 4364 | 800 | 5164 |
| | നോൺ-റെസിഡൻഷ്യൽ | 45611 | 6071 | 51682 | 42130 | 5671 | 47801 | 3692 | | 3481 | 400 | 3881 |
| | ആകെ | | | 137930 | | | 128885 | 8106 | | 17151 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 135137 | | | 126882 | | | | 134554 | 8285 | | |
| | | (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

* തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 129795രൂപയാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 137930രൂപയും ആണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തിവരുന്ന 431910101 സ്റ്റേറ്റ് govt.cesses/levies in property tax control Account എന്ന ലഡ്ജറിൽ നിന്നും ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ ആകെ കുടിശ്ശിക ഉൾപ്പെടെ കളക്ട് ചെയ്ത തുകയാണ് Demandൽ നിന്നും കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സിന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്നുമാത്രമല്ല, മേൽപ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 134554രൂപയാണ്. (വൗച്ചർ നം .4180026 -134554)

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടേയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 2018-19 വർഷത്തിൽ എത്ര കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചുവെന്നും, ആയതിന് വസ്തു നികുതി ഡിമാന്റ് ചെയ്തതിനോടനുബന്ധിച്ച രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് യഥാസമയം നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

2.6വസ്തു നികുതി, റെമിഷൻ, റൈറ്റ്ഓഫ് എന്നിവയോടനുബന്ധിച്ച വിശദാംശങ്ങൾ അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.40(b) പ്രകാരം SBI കുന്നംകുളം e-payment accountൽ നീക്കിയിരിപ്പായി 29881 രൂപയുണ്ട്. ആയത് പരിശോധിക്കുന്നതിന് ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് ഹാജരാക്കിയില്ല.

4. കോ-ഓപറേറ്റിവ് ബാങ്ക് (തനത് ഫണ്ട്) മാർച്ച് -റീ കൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് കളക്റ്റഡ് എന്ന ശീർഷകത്തിൽ 73507 രൂപയുണ്ട്.

| Instrument No/Date | Amount |
|---|---|
| 7990114000/20.02.19 | 6250 |
| 558506/30.11.17 | 51603 |
| ............./03.06.17 | 3720 |
| 231863/09.03.17 | 3720 |
| 666384/29.01.18 | 1964 |
| 7130514000/15.03.18 | 6250 |
| Total | 73507 |

ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5. സ്വാഭിമാൻ A/c No -10703040372 -TDCB കുന്നംകുളം 29.09.17 ന് 2040 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ തുടർന്നുള്ള പലിശ വരവ് ഉൾപ്പെടെയുള്ള നീക്കിയിരിപ്പ് തുക വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

6. ഡി&ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി (ട്രേഡേഴ്സ് ) DCB പ്രകാരമുള്ള ഡിമാന്റ് തുക AFS ൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. DCB പ്രകാരം തൻവർഷ വരവ് മാത്രമാണ് ഡിമാന്റും കളക്ഷനുമായി ചേർത്തിരിക്കുന്നത്.

7. ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റ് ( GO(Rt) No.1948/2019 /Fin Dated .16.03.19 ) പ്രകാരം 197946 രൂപയുടെ അലോട്ട്മെന്റ് ലഭിച്ചത് നാളിത് വരെ ട്രഷറി TSB അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല. ലെറ്റർ നം. b2-2326/2019 dtd. 16.05.19 പ്രകാരം DDP ക്ക് തുക ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9.Advance to implementing agencies -Deposit with kerala water authority"എന്ന ശീർഷകത്തിൽ2017-18 AFS B-18 ഷെഡ്യൂൾ പ്രകാരം 3863430 രൂപ Advance deposit ഉണ്ടായിരുന്നു. 2018-19 AFS പ്രകാരം ഈയിനത്തിൽ വരവ് ചെലവുകൾ ഇല്ല. പക്ഷേ ഡെപ്പോസിറ്റ് കുടിശ്ശികയായി 357850 രൂപ മാത്രമാണ് AFSലും രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കുന്നത്. അഡ്വാൻസ് വരവു ചെലവുകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

10. Advance to implementing agencies -Deposit with kerala Electricity Board എന്ന ശീർഷകത്തിൽ 2017-18 AFS പ്രകാരം 787611 രൂപയുണ്ട്. 2018-19 ൽ RP-47 പ്രകാരം 385092 രൂപ Advance നൽകിയിട്ടുണ്ട്. ആകെ Advance

1172703 രൂപയാണ്. മുൻകൂർ ക്രമീകരണം സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. എന്നാൽAFS B-18 ഷെഡ്യൂൾ പ്രകാരം ഈയിനത്തിൽ 583088 രൂപ മാത്രമാണ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻകൂർ ക്രമീകരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

11. ആദ്യ പകുതിയിൽ ആർജിച്ച ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

12. Bidders EMD, Bidders SD, Rent Deposit, Auction Deposit എന്നീ ഇനങ്ങളിലെ ഡെപ്പോസിറ്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-12 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വെറ്ററിനറി സർജന് കൈമാറിയ രസീത് ബുക്കുകളുടെ ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>രസീത് ബുക്ക് നമ്പർ :16968</u>

16968 എന്ന രസീത് ബുക്കിന്റെ 30 -മത്തെ രസീത് വരെ ജനകീയാസൂത്രണം 2018 -19 മായി ബന്ധപ്പെട്ട് വിവിധ ഗുണഭോക്തൃവിഹിതങ്ങൾ പിരിച്ചെടുക്കുന്നതിനായി ഉപയോഗിക്കുകയുണ്ടായി. അതിനു ശേഷം 31 -മത്തെ രസീത് മുതൽ 100 -മത്തെ രസീത് വരെ വെറ്ററിനറി സർജൻ റദ്ദ് ചെയ്തു ഒപ്പു വച്ചിട്ടുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം ഇതേ രസീത് ബുക്കിലെ 31-മത്തെ രസീത് മുതൽ 52-മത്തെ രസീത് വരെ വിവിധ ദിവസങ്ങളിലായി തുക പിരിച്ചെടുക്കുകയും അടവാക്കുകയും ചെയ്തതായി രേഖപ്പെടുത്തി കാണുന്നു. ഇത്തരത്തിൽ സംഭവിക്കാനിടയായതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

<u>രസീത് ബുക്ക് നമ്പർ :36995</u>

1.36995 രസീത് ബുക്കിലെ 15 -മത്തെ രസീതിയിൽ 20000/-രൂപ പിരിച്ചെടുത്തതിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2 .ഇതേ രസീതിബുക്കിലെ 64-മത്തെ രസീതിയിൽ ഒന്നും തന്നെ എഴുതിയിട്ടില്ല. എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം 687.50 /- രൂപ അടവാക്കിയതായി കാണുന്നു. എന്നാൽ രസീതിയിൽ ഇതിന്റെ രേഖപ്പെടുത്തലുകൾ ഇല്ല.

3. ഇതേ രസീതി ബുക്കിലെ 49 -മത്തെ രസീതിയിൽ ഈടാക്കിയ തുക രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കളക്ഷൻ രജിസ്റ്റർ പ്രകാരം 687.50/-രൂപ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ :5/16 .3.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-13 വസ്തുനികുതി നിർണയത്തിൽ കണ്ടെത്തിയ അപാകതകൾ.

1.പന്നിത്തടം ബൈപാസ് റോഡിൽ നിലനിൽക്കുന്ന നസീർ കുന്നുകാട്ടിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വ്യവസായികാവശ്യത്തിനുള്ള സർവീസ് സ്റ്റേഷന്റെ വസ്തുനികുതിയുമായ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ആയതിനു കേസ് നമ്പർ AP 792 / 18 നിലവിലുണ്ട്. കേസിന്റെ വിശദംശങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ :17/19.3.20) ലഭിച്ച മറുപടിയിയിൽ സർവീസ് സ്റ്റേഷൻ നിലവിൽ കേസ് നടന്നു കൊണ്ടിരിക്കുകയാണെന്നും അവസാന സിറ്റിംഗ് 15 .2 2020 നു എന്ന് അറിയിച്ചു.

2. ഫയൽ B1-510/2019 കെട്ടിട നമ്പർ viii / 140 A -ഉടമസ്ഥൻ രാമകൃഷ്ണൻ പി. എന്നയാൾ വ്യവസായികാവശ്യത്തിനു നിർമ്മിച്ച കെട്ടിടം വസ്തുനികുതി നിർണയ ഫോം പ്രകാരം 40 ച .മീ . കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. എന്നാൽ പ്ലാൻ പ്രകാരം $115.5m^2$ ച .മീ . ആണ് തറവിസ്തീർണ്ണം. ഉയർന്ന നിരക്കിലുള്ള നികുതി 50/- രൂപ ഓരോ ച .മീ. ഈടാക്കാത്തതിന് കാരണം ആവശ്യപ്പെട്ടു നൽകിയ

ഓഡിറ്റ് അന്വേഷണത്തിനു (നമ്പർ :17/19.3.2020) ഇനി മുതൽ ഇത്തരത്തിൽ ഉയർന്ന നിരക്ക് ഈടാക്കാമെന്നും കുറവ് ഈടാക്കിയതിനു കുടിശ്ശിക ഈടാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

3.ഫയൽ B1-5934/30.11.18 എന്ന ഫയലിൽ വസ്തു നിർണയത്തിന് 13 -)o വാർഡിൽ 229 നമ്പർ വീടിനോടു അടുത്തായി നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന് റെഗുലറൈസ് ചെയ്തു നമ്പർ നൽകുന്നതിനും വീട് നമ്പർ 13 / 229 നമ്പർ വീടിനോടു ചേർന്നുള്ള കെട്ടിട ഭാഗത്തിനും മുകൾ നിലയിലെ കെട്ടിടഭാഗത്തിനും പ്രത്യേകം നമ്പർ അനുവദിക്കുന്നതിനായാണ് അപേക്ഷിച്ചത്. എന്നാൽ 229 എന്ന കെട്ടിടം പ്രഥമ മേഖലയിലും 229/A,229/B,229/C എന്നിവ ദ്വിതീയ മേഖലയിലുമാണ്. ഇതിനാൽ 10 % ഇളവും ഇതിനു നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിൽ (നമ്പർ : 17/19.3.2020) ഫയൽ പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

4. വസ്തുനികുതി നിർണ്ണയത്തിൽ വന്ദേരിവളപ്പിൽ അലി മകൻ ഷംസുദീൻ, അകത്തിയൂർ എന്നവരുടെ അപേക്ഷയിൽ കെട്ടിട നമ്പർ 20/ A -തറവിസ്തീർണ്ണം : 63.94 ച .മീ.ഉം, കെട്ടിട നമ്പർ 20/B -തറവിസ്തീർണ്ണം : 90.39 ച .മീ.ഉം ആണ്. ഇവയ്ക്കു വസ്തുനിർണ്ണയം നടത്തിയത് 'വാണിജ്യാവശ്യത്തിനുള്ള 100 ച .മീ വരെ തറ വിസ്തീർണ്ണം 40 രൂപ' എന്ന നിരക്കിലാണ്. എന്നാൽ ആകെ തറ വിസ്തീർണ്ണം 100 ച .മീ.നു മുകളിലായതിനാൽ 50 രൂപ per ച .മീ.നിരക്കിൽ വസ്തുനികുതി നിർണയിക്കാമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 17/19.3.2020) നൽകിയ മറുപടി പ്രകാരം തെറ്റുകൾ പരിഹരിച്ചു കുടിശ്ശിക ഈടാക്കാവുന്നതാണെങ്കിൽ അവ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 1-14 പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അവലോകനം.

2018 -19 വർഷത്തിൽ ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ 82 എണ്ണവും അതിൽ നടപ്പിലാക്കിയത് 37 എണ്ണവുമാണ്. 2018 -19 വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 43 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. 2017-18 വർഷത്തെ 26 സ്പിൽ ഓവർ പ്രോജക്ടുകളിൽ 2018 -19ൽ 19 പ്രോജക്ടുകൾ പൂർത്തികരിച്ചിട്ടുണ്ട്. തൻവർഷം ആകെ അടങ്കൽ 26629271 രൂപയും ആകെ ചെലവ് 12354359 രൂപയുമാണ്. ആകെ ചെലവ് ശതമാനം 46.39% ആണ്.

തൻവർഷം ചെയ്ത പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. TR 7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല. ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിലുള്ളതല്ല പരിപാലിച്ച് വരുന്നത്.

എഗ്രിമെന്റ് രജിസ്റ്ററിലെ കോളങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട രജിസ്റ്ററുകൾ ശരിയാംവണ്ണം സാക്ഷ്യപ്പെടുത്തുന്നില്ല. പ്രോജക്ട് രജിസ്റ്റർ, വർക്ക് ബിൽ രജിസ്റ്റർ, ആസ്തിരജിസ്റ്റർ (കാലികമാക്കി) എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പല അളവ് പുസ്തകങ്ങളിൽ ചെക്ക് മെഷർ തിയതി കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഫൈനൽ ബില്ലിൽ മെമ്മോറാണ്ടം ഓഫ് പേമെന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ആയതിന്റെ റിവൈസ്ഡ് പ്രോജക്ടുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ് ഫയലിൽ സൂക്ഷിക്കുന്നില്ല.

ഭൂരിഭാഗം ഫയലുകളോടൊപ്പം പൂർത്തികരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല. ഭൂരിഭാഗം പ്രോജക്ടുകൾക്കും ആറ് മാസമാണ് പൂർത്തികരണ കാലയളവ് നൽകിയിരിക്കുന്നത്. കരാർ കാലയളവിൽ പ്രവൃത്തി പൂർത്തികരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതം ഫൈൻ ഈടാക്കിയിട്ടില്ല. കരാർ കാലയളവിൽ പ്രവൃത്തി പൂർത്തികരിക്കാത്ത കരാറുകാരിൽ നിന്നും ഭാവിയിൽ നിയമാനുസൃത ഫൈൻ ഈടാക്കേണ്ടതാണ്.

പദ്ധതി രൂപീകരണം, നിർവ്വഹണം എന്നി ഘട്ടങ്ങളിൽ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തും വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാഗത്തും ഉണ്ടാകേണ്ടതാണ്.

# 1-15 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി-ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട്. നമ്പർ - S0055/19.

നിർവ്വഹണം - അസി.സെക്രട്ടറി.

ട്രഷറി ബിൽ നമ്പർ -10/18 -19.dtd. 31.12.18. 325000/-

മേൽ പ്രോജക്ടിൽ 75 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ 83 പേർക്ക് കട്ടിൽ നൽകിയിട്ടുള്ളതായി കാണുന്നു. ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം 11 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിരുന്നു. എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങാതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ഹൈലൂക്ക്സ് കുറ്റിപ്പുറം സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ 23 ഗുണഭോക്താക്കൾ മക്കളുടേയോ ചെറുമക്കളുടേയോ പേരിലുള്ള ജാതി സർട്ടിഫിക്കറ്റുകളാണ് ഹാജരാക്കിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 3 പ്രകാരമുള്ള മറുപടിയിൽ അസി.സെക്രട്ടറി പറഞ്ഞിരിക്കുന്നത് സാമ്പിളുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരം കുറഞ്ഞതിനാലാണ് മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങാതിരുന്നതെന്നും ടി കാര്യങ്ങൾ പഞ്ചായത്ത് കമ്മിറ്റിക്കും പ്രൊക്യൂർമെന്റ് കമ്മിറ്റിക്കും ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണ നിലവാരം പരിശോധന നടത്തിയതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ജാതി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ ലഭ്യാമാക്കാൻ ബുദ്ധിമുട്ടുള്ളതിനാലാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തം പേരിലുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

# 1-16 മരാമത്ത് പ്രവൃത്തികളിലെ ഫൈനൽ ബില്ലുകൾ ഹാജരാക്കിയില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകളുടെ ഫൈനൽ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.7 പ്രകാരം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ. | ട്രഷറി ബിൽ നമ്പർ, തിയതി, തുക |
|---|---|
| കിടങ്ങൂർ (നെച്ചിത്തടം) റോഡ് റി -ടാറിംഗ്, S0085/19. | 36/18-19.dtd.28.3.19. 227821/- |
| അംഗൻവാടി മെയിന്റൻസ് W.18. S0181/18. | 39/18-19.dtd.28.3.19. 321286/- |
| അകതിയൂർ ലക്ഷം പറമ്പുറോഡ് റി-ടാറിംഗ്. S0086/19 | 37/18-19.dtd. 28.3.19. 273274/- |
| കല്ലഴിക്കുന്ന് സെന്റർ മുതൽ പാറപ്പുറം വരെ റോഡ് റി-ടാറിംഗ്. S0089/19. | 38/18-19.dtd. 28.3.19. 378590/- |
| കലവർണ്ണക്കുളം റോഡ് കോൺക്രീറ്റിംഗ്. S0112/19. | 34/18-19.dtd. 28.3.19. 487488/- |
| | |

| | |
|---|---|
| കരുവാൻ റോഡ് റീ-ടാറിംഗ്.154/19. | 35/18-19.dtd. 28.3.19. 159985/- |

ഫൈനൽ ബില്ല് ഹാജരാക്കുന്നതുവരെ ചെലവ് തുക 1848444/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-17 ആശ്രയ ബാങ്ക് അക്കൗണ്ടിൽ വൻതുക നീക്കിയിരുപ്പ്.

ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 31.3.19 ൽ 3417267/- രൂപ നീക്കിയിരുപ്പുള്ളതായി കണ്ടു. കുന്നംകുളം എസ്.ബി.ഐ ശാഖയിൽ 38197016377ാം നമ്പറിൽ ആശ്രയ പദ്ധതിയ്ക്കായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. തൻവർഷം ആശ്രയ ഭവന പദ്ധതിയിൽ ഭവന പുനരുദ്ധരണത്തിനായി 50000/-രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും പൂർത്തിയാവുകയും ഒന്നാം ഘട്ടത്തിലെ തുടർ സേവന പ്രവർത്തനങ്ങളുമാണ് നിലവിൽ നടന്ന് വരുന്നത്. സമൂഹത്തിലെ അവശരും നിരാലംബരുമായ ജനങ്ങൾക്ക് സേവനം ചെയ്യാൻ അനുവദിക്കപ്പെട്ട തുകകൾ ബന്ധപ്പെട്ടവർക്ക് യഥാവിധി സേവനം നൽകാതെ ബാങ്ക് അക്കൗണ്ടിൽ കൂട്ടിയിടുന്ന ശരിയായ നടപടിയല്ല. തുടർ നടപടി ഇല്ലാതെയും ചെലവഴിക്കാതെയും ഇരിക്കുന്ന തുക നിയമാനുസൃതം സഞ്ചിതനിധിയിൽ അടവാക്കേണ്ടതാണ്. ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-രേഖകൾ ലഭ്യമല്ല-

| ക്രമ നം | പ്രോജക്റ്റ് നം | ബിൽ നം /തിയ്യതി- | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 13/19-ഐ കെ എം വിഹിതം | 6/18-19 തി-31-5-18 | 50508 | വിനിയോഗ സാക്ഷ്യ പത്രം/ രശീതി * |
| 2 | 76/19വിജ്ഞാൻ സാഗർ അനുബന്ധ പ്രവർത്തനങ്ങൾക്ക് വിഹിതം | 8/18-19 തിയ്യതി 31-5-18 | 54000 | രശീതി/ വിനിയോഗ സാക്ഷ്യ പത്രം |
| 3 | 128/19 എസ്.എസ്.എ വിഹിതം | 5/18-19 dt-31-5-18 തുക- | 100050 | എസ്.എസ്.എ യിൽ നിന്നുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട്. |
| 4 | 183/19-അങ്കണവാടി വർക്കർ ഹെൽപ്പർ ഓണറേറിയം | ബിൽ നം -53/18-19 തി.31-12-18<br>ബിൽ നം -33/18-19 തി.29-10-18 | 350400<br>350400 | ട്രഷറി ചലാൻ |
| 5 | 17/18-19 സുശാന്തം വിഹിതം നൽകൽ | 7/18-19 തിയ്യതി 31-5-18 | 50000 | വിനിയോഗ സാക്ഷ്യ പത്രം |
| 6 | 191/18-19 പോർക്കുളം റേഷൻ കട വഴിയിൽ കുഴൽ കിണർ നിർമ്മാണംപൈപ്പ് ലൈൻ വലിക്കലും വാട്ടർ ടാങ്ക് സ്ഥാപിയ്ക്കലും | 70/18-19<br>71/18-19<br>( പാസ്സാക്കിയ തുക ,തിയ്യതി എന്നിവ ട്രഷറി ഓഫീസർ രേഖപ്പെടുത്തിയിട്ടില്ല) | 275902<br>47750 | കരാർ, കൈപ്പറ്റിയ തുകയുടെ രശീതി, പ്രവർത്തിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം, ബിൽ |
| 7 | പ്രോജക്റ്റ് നം-7/19 | ചെക്ക് നം | 21830 | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ എക്സ്ടെൻഷൻ | 1865217/10-12-18 21830 | | യിൽ നിന്നുള്ള എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, സ്ഥാപനവുമായി ഏർപ്പെട്ട് കരാർ, പ്രവർത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം |
| 8 | പ്രോജക്ട് നം-132/19 കുതിരവേലപ്പാടത്ത് സ്ലൂയിസ് നിർമ്മാണം | ബിൽ നം-29/18-19 തിയ്യതി-28-9-18 | 200000 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം |
| | | ആകെ തുക | 1500840 | |

*-2017-18 വർഷത്തെ IKM വിഹിതം അടവാക്കിയതിൽ 18951 രൂപ അധികം അനുവദിച്ചത് തുടർ വർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനായി തുടർ നടപടികൾ എടുക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുംവരെയ്ക്കും മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയ 1300840 രൂപ തടസ്സപ്പെടുത്തുന്നു. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച 2 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-19 വെറ്ററിനറി സർജൻ നടപ്പിലാക്കിയ വിവിധ പദ്ധതികൾ-ഗുണഭോക്താക്കളുടെ അർഹത പുന.പരിശോധിക്കേണ്ടതാണ്

താഴെ പറയുന്ന പദ്ധതികളുടെ ഭാഗമായി കുടുംബാംഗങ്ങളിൽനിന്നും ആടിനെ കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക വേണ്ടി സബ്സിഡിതുക അനുവദിച്ചിട്ടുണ്ട്. ഇവർക്ക് സബ്സിഡിക്കർഹതയുണ്ടോ എന്ന് പുനഃപരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.S0176/19 -പാലാഴി -ആട് വളർത്തൽ -എസ് സി

അടങ്കൽ- 99400/- വികസന ഫണ്ട് എസ് സി പി

- 68600 ഗുണഭോക്തൃ വിഹിതം

ചെലവ് - 12000/-

ട്രഷറി ബിൽ നം. 9/04.01.2019 പ്രകാരം 7100 രൂപയും ഗുണഭോക്തൃ വിഹിതമായി 4900 രൂപ (വൗച്ചർ നം.21800781/10.01.2019) യുമുൾപ്പെടെ 12000 രൂപ, 4000 രൂപ വിലയുള്ള 3 ആടുകളെ പദ്ധതി ഗുണഭോക്താവായ അമ്മിണി എന്നവർക്ക് വിതരണം ചെയ്തതിന് ശ്രീമതി ബിന്ദു .എം.എസ്, കുന്നത്തേരി വീട് എന്നവർക്ക് നൽകിയിട്ടുണ്ട് . എന്നാൽ വെറ്ററിനറി സർജന്റെ റിപ്പോർട്ട് പ്രകാരം ശ്രീമതി അമ്മിണി, കുന്നത്തേരി വീട് എന്നവർക്ക് ആടിനെ വിറ്റത് പാറുക്കുട്ടി, മണലി വളപ്പിൽ എന്നവരാണ്. വ്യത്യാസത്തിനു കാരണം വ്യക്തമാക്കേണ്ടതാണ്.

കൂടാതെ രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീമതി അമ്മിണിയും, ശ്രീമതി ബിന്ദു എം.എസ് എന്നവരും ഒരേ വീട്ടിലുള്ളവരാണെന്ന് കാണുന്നു (റേഷൻ കാർഡ്, ആധാർ കാർഡ് പ്രകാരം). അർഹത പരിശോധിച്ച് തുടർ നടപടികൾ അറിയിക്കുന്നതുവരെ 12000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.S0057/19-കറവപ്പശു വിതരണം വനിത -എസ് സി

അടങ്കൽ- 350000വികസന ഫണ്ട് എസ് സി പി

- 150000 ഗുണഭോക്തൃ വിഹിതം

ചെലവ് - 245000/-(ട്രഷറി ബിൽ നം. 4/23.12.18)

105000/-(വൗച്ചർ നം.21800737/27.12.2018-30000)

(വൗച്ചർ നം.21801037/27.03.2019-75000)

പദ്ധതി ഗുണഭോക്താവായ സുനിത എന്നവർക്ക് പശുവിനെ വിതരണം ചെയ്തത് അമ്മയായ ഓമല എം സി എന്നവരാണ്. സുനിത എം സി യുടെ SSLC ബുക്കിന്റെ പകർപ്പ് പ്രകാരം ഇവരുടെ അമ്മയുടെ പേര് ഓമല എം സി ,വിലാസം മേനോത്ത് വീട് കോക്കാട് എന്നുമാണ്.ശ്രീമതി ഓമല എം സി എന്നവരുടെ റേഷൻ കാർഡിന്റെ പകർപ്പിലും ഇതേ വിലാസമാണ് രേഖപ്പെടുത്തിയിരിക്കുന്നത് .

7 ഗുണഭോക്താക്കളിൽ നിന്നായി 15000 രൂപ വീതം 105000 രൂപ ഈടാക്കി തനതു ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് .ആയത് ഉരുക്കളെ വിതരണം ചെയ്തവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അർഹത പരിശോധിച്ച് തുടർ നടപടികൾ അറിയിക്കുന്നതുവരെ 350000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 1-20 S0041/19- കന്നുകുട്ടി പരിപാലനം -ചെലവു രേഖകൾ ഹാജരാക്കിയില്ല

അടങ്കൽ- വികസന ഫണ്ട് ജനറൽ- 156250

സംസ്ഥാനാവിഷ്കൃത പരിപാടി-156250

ഗുണഭോക്തൃ വിഹിതം -312500

ആകെ -625000 രൂപ

ട്രഷറി ബിൽ നം.2/22.12.2018 പ്രകാരം 156250 രൂപ എസ്.എൽ.ബി.പി യ്ക്ക് കൈമാറിയിട്ടുണ്ട്. ആയതിന് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ നൽകിയ രശീതിയും ലഭ്യമായിട്ടുണ്ട്. എന്നാൽ സുലേഖ ചെലവു പത്രിക പ്രകാരം സംസ്ഥാനാവിഷ്കൃത പരിപാടി ഇനത്തിലും- 312500ചെലവു ചെയ്തിട്ടുണ്ട്. പക്ഷേ ആയതിന്റെ കൈപ്പറ്റു രശീതി, ചെലവു രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എന്നു മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചു എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. 7/18 മുതലുള്ള പഴയ വിതരണ രജിസ്റ്ററാണ് പരിശോധനക്ക് ലഭ്യമാക്കിയത് .

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

# 1-21 വെറ്ററിനറി സർജൻ നടപ്പിലാക്കിയ മറ്റു പദ്ധതികളിലെ അപാകതകൾ

വെറ്ററിനറി സർജൻ നടപ്പിലാക്കിയ മറ്റു പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. S0053/19-കന്നുകുട്ടി വളർത്തൽ

അടങ്കൽ- 90000വികസന ഫണ്ട് ജനറൽ

- 90000 ഗുണഭോക്തൃ വിഹിതം

ചെലവ് - 12000(ട്രഷറി ബിൽ നം. 14/16.03.2019)

36000(ട്രഷറി ബിൽ നം. 16/27.03.2019)

6000(ട്രഷറി ബിൽ നം. 20/27.03.2019)

6000(ട്രഷറി ബിൽ നം. 22/27.03.2019)

12000(വൗച്ചർ നം.21800984/18.03.2019)

36000(വൗച്ചർ നം.21801013/22.03.2019)

6000(വൗച്ചർ നം.21801039/27.03.2019)

6000(വൗച്ചർ നം.21801040/27.03.2019)

പത്ത് ഗുണഭോക്താക്കളിൽ നിന്നായി 6000 രൂപ വീതം 60000 രൂപ ഈടാക്കി തനതു ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയത് ഉരുക്കളെ വിതരണം ചെയ്തവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിതരണ പത്രികകൾ ലഭ്യമാക്കേണ്ടതാണ്.

2. S0038/19-കറവപ്പശു വിതരണം

അടങ്കൽ- 260000വികസന ഫണ്ട് ജനറൽ

- 260000 ഗുണഭോക്തൃ വിഹിതം

ചെലവ് - 520000/-

140000(ട്രഷറി ബിൽ നം. 05/23.12.18)

20000(ട്രഷറി ബിൽ നം. 08/04.01.19)

20000(ട്രഷറി ബിൽ നം. 10/02.02.19)

60000(ട്രഷറി ബിൽ നം. 13/07.02.19)

20000(ട്രഷറി ബിൽ നം. 21/27.03.19)

140000(വൗച്ചർ നം.21800738/27.12.18)

20000 (വൗച്ചർ നം.21800780/10.01.19)

20000(വൗച്ചർ നം.21800983/18.02.19)

60000(വൗച്ചർ നം.21800999/28.02.19)

20000(വൗച്ചർ നം.21801039/27.03.2019)

പദ്ധതിയുടെ ഭാഗമായി 260000 രൂപ ചെലവുണ്ട്. എന്നാൽ 240000 രൂപയുടെ ട്രഷറി ബിൽ മാത്രമാണ് പരിശോധനക്ക് ലഭിച്ചത്. ഷീജ രാമചന്ദ്രൻ എന്ന ഗുണഭോക്താവിനു പശുവിനെ വിതരണം ചെയ്ത സുധാകരൻ സി.എ എന്നയാളുടെ ഫയൽ പ്രകാരമുള്ള അക്കൗണ്ട് നം 19260100015675/ഫെഡറൽ ബാങ്ക്. എന്നാൽ തുക കൈമാറിയത് 57061600120/SBI എന്ന അക്കൗണ്ടിലേക്കാണ്. ഇതു പോലെ സുജാത വി.ഐ എന്ന ഗുണഭോക്താവിനു പശുവിനെ വിതരണം ചെയ്ത കോമളം എന്നവരുടെ ഫയൽ പ്രകാരമുള്ള അക്കൗണ്ട് നം

37099972944 /SBI. എന്നാൽ തുക കൈമാറിയത് 40375101013773 എന്ന അക്കൗണ്ടിലേക്കാണ്. വ്യത്യാസത്തിനു കാരണം വ്യക്തമാക്കേണ്ടതാണ്. സീന വിൽസൺ, വിലാസിനി, മിനി എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പതിമൂന്ന് ഗുണഭോക്താക്കളിൽ നിന്നായി 20000 രൂപ വീതം 260000 രൂപ ഈടാക്കി തനതു ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയത് ഉരുക്കളെ വിതരണം ചെയ്തവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3.S0049/19-മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ- 100000/-

ചെലവ് - 100000/-

90000(ട്രഷറി ബിൽ നം. 01/13.12.18)

10000(ട്രഷറി ബിൽ നം. 17/27.03..19)

വിഷു മെഡിക്കൽസിൽ നിന്നും ഇൻവോയ്സ് നം.9312/07.12.18 പ്രകാരം Inj.Inavita -100 എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 15 എണ്ണം മാത്രമാണ് വരവ് രേഖപ്പെടുത്തിയത്. വ്യത്യാസത്തിനു കാരണം വ്യക്തമാക്കേണ്ടതാണ്

ഒറിജിൻ ഫാർമസ്യൂട്ടിക്കൽസിൽ നിന്നും ഇൻവോയ്സ് നം.OP0122A/18.03.2019 പ്രകാരം വരവു വന്ന മരുന്നുകൾ (10000 രൂപ) സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

4)ഗുണഭോക്താക്കളുടെ വരുമാന സാക്ഷ്യപത്രം ഫയലിൽ ഇല്ല. ഇ.എസ്.സി പദ്ധതികളോടനുബന്ധിച്ച് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് മിക്കവാറും അപേക്ഷകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

5)കാഷ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

# 1-22 S0016/19-നെൽകൃഷി വികസനം-ആവശ്യമായ ചെലവുരേഖ കളില്ലാതെ സബ്സിഡി അനുവദിച്ചു

അടങ്കൽ- വികസന ഫണ്ട് ജനറൽ-1356943

ബ്ലോക്ക് വിഹിതം -350000

ഗുണഭോക്തൃ വിഹിതം-102918

(നേരിട്ട് ചെലവഴിക്കുന്നത്)

ചെലവ്- 1809861/-

പദ്ധതിയുടെ ഭാഗമായി വെട്ടിക്കടവ് കോൾകൃഷി സംഘം സമർപ്പിച്ച വിതരണ പത്രിക പ്രകാരം കർഷകർ നെൽവിത്ത് നേരിട്ട് വിത്ത് വാങ്ങിയതിന് സബ്സിഡി തുക (കിലോഗ്രാമിന് 30 രൂപ വീതം 6667 കി.ഗ്രാം ) 210000 രൂപ (ട്രഷറി ബിൽ നം.20/17.01.2019-176430 രൂപ, ട്രഷറി ബിൽ നം.33570 രൂപ) കർഷകരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ നെൽ വിത്തുകൾ വാങ്ങിയ ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിതരണപത്രികയിൽ പാടശേഖര സമിതി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകളില്ല. വിത്തു കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ പത്രികയിൽ ഒപ്പുവെച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നത് വരെ 210000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-23 ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.S0102/19- വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ- വികസന ഫണ്ട് ജനറൽ-308850

ചെലവ്- 305760(ട്രഷറി ബിൽ നം .8/30.01.2019
പദ്ധതിയോടനുബന്ധിച്ച് High Look Furniture എന്ന സ്ഥാപനത്തിന്റെ 3920 രൂപയുടെ കട്ടിലിന്റെ (ആഞ്ഞിലി മരവും മരപ്പലക ഉള്ളതുമായ കട്ടിൽ) ക്വട്ടേഷൻ അംഗീകരിക്കുകയും 78 കട്ടിൽ വാങ്ങുകയും ചെയ്തു. പദ്ധതിയോടനുബന്ധിച്ച് ലഭിച്ച ടെൻഡറുകൾ പരിശോധിച്ചതിൽ ഇതേ സ്ഥാപനം തന്നെ ഒരു കട്ടിലിന് ( മരം - പ്ലൈവുഡ് ടോപ്പ് ) 2990 രൂപ നിരക്കും ക്വോട്ട് ചെയ്തതായി കാണുന്നു. കുറഞ്ഞ നിരക്ക് അംഗീകരിക്കാത്തതിനാൽ ഒരു കട്ടിലിൻമേൽ 930 രൂപ അധികം നൽകേണ്ടി വന്നിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെൻഡർ അംഗീകരിക്കാത്തതിനു കാരണം വ്യക്തമാക്കേണ്ടേതാണ്. വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെയാണ് വിതരണം ചെയ്തതിരിക്കുന്നത്.

2.താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പമുള്ള റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ഇവർ പോർക്കുളം ഗ്രാമ പഞ്ചായത്ത് നിവാസികളല്ല. ഇവർക്ക് ഭിന്നശേഷിക്കാർക്കുള്ള ബത്ത അനുവദിച്ചതെന്തു കൊണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ ഇവർക്ക് റേഷൻ കാർഡ് പ്രകാരമുള്ള തദ്ദേശ സ്ഥാപനത്തിൽ നിന്നും ബത്ത അനുവദിച്ചിട്ടില്ല എന്നുറപ്പ് വരുത്തിയതിന്റെ രേഖകൾ കൂടി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

| ഗുണഭോക്താവിന്റെ പേര് | പദ്ധതി | അനുവദിച്ച ബത്ത | പഞ്ചായത്തിന്റെ പേര്(റേഷൻ കാർഡ് പ്രകാരം ) |
|---|---|---|---|
| ജിനിൽ. വി.ജെ / സുനിത .പി.വി | S0107/19 ഭിന്നശേഷികക്കാർക്ക് സ്കോളർഷിപ്പ്/ ബത്ത നൽകൽ (പട്ടികജാതി) | 12000 | കടങ്ങോട് |
| ശ്രീലക്ഷ്മി .കെ.ആർ | ,, | 5300 | കടവല്ലൂർ |
| ജിനീഷ് .എ.ജി | S0091/19 ഭിന്നശേഷികക്കാർക്ക് സ്കോളർഷിപ്പ്-ജനറൽ | 27500 | കാട്ടകാമ്പാൽ |

3) പദ്ധതി അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. S0107/19ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്/ബത്ത നൽകൽ (പട്ടികജാതി) എന്ന പദ്ധതിയുടെ അപേക്ഷകളോടൊപ്പം കമ്മ്യൂണിറ്റി സാക്ഷ്യപത്രം ഇല്ല. S0091/19 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-ജനറൽ പദ്ധതി ഗുണഭോക്താക്കളായ പലരുടേയും സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ല. അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം തുക അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-24 കർഷകർക്ക് ഉത്പാദന ബോണസ് -അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

2018-19 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം നെൽകൃഷിക്കാരുടെ അക്കൗണ്ടിലേക്ക് ഉത്പാദകബോണസ് വിതരണം ചെയ്തിട്ടുണ്ട് .

1)ട്രഷറി ബിൽ നം.47/22.12.18-117360

2) ട്രഷറി ബിൽ നം65/31.01.19-254772

3) ട്രഷറി ബിൽ നം.85/27.03.19-36636

ആകെ- 408768 രൂപ

എന്നാൽ ട്രഷറി ബിൽ നം. 47/22.12.18 പ്രകാരം വിതരണം ചെയ്ത 117360 രൂപയുടെ UTR സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, കുറച്ചു കൃഷിക്കാരുടെ അക്കൗണ്ടിലേക്ക് തുക മാറ്റപ്പെട്ടിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കർഷകന്റെ പേര് | തുക |
|---|---|---|
| 1 | ബാലകൃഷ്ണൻ.പി.കെ | 200 |
| 2. | അജിത .സി.വി | 852 |
| 3. | വിജി ശശിധരൻ | 180 |
| 4. | സിന്ധു ഷാജി | 244 |
| 5. | ബിജോഷ് .പി.കെ | 336 |
| | ആകെ | 1812 രൂപ |

തുക കർഷകരുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റു ചെയ്തു നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/19.3.2020)

# 1-25 പാലിന് സബ്സിഡി-അധിക തുക അനുവദിച്ചു.

പ്രോജക്റ്റ് നം-15/19

പ്രോജക്റ്റിൻറ പേര്-ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി ബിൽ
നിർവഹണോദ്യോഗസ്ഥൻ-ഡയറി ഫാം ഇൻസ്പെക്ടർ

ബിൽ നം-2/18-19 തി.8-11-18-തുക-21964

ചെക്ക് നം-1865218/20-12-18-തുക19440

1.മേൽ പദ്ധതി പ്രകാരം കാട്ടുകാമ്പാൽ അക്കികാവ്, പഴഞ്ഞി ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലേക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആയതിൽ ശ്രീമതി പി.പി കാർത്തായനി എന്നവർക്ക് 590 ലിറ്റർ പാൽ അളന്നതിന് ബിൽ നം-2/18-19 തി.8-11-18- പ്രകാരം 2360 രൂപ നൽകിയിട്ടുണ്ട്. ചെക്ക് നം 1865218/20-12-18 പ്രകാരം ടിയാരിക്ക് ഒക്ടോബർ, നവംബർ മാസങ്ങളിലെ തുക അനുവദിച്ചതിനൊപ്പം ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലേക്ക് വീണ്ടും 2360 രൂപ വീണ്ടും അനുവദിച്ചു. അധികം അനുവദിച്ച 2360 രൂപ തിരികെ ഈടാക്കേണ്ടതാണ്.

2.2018-19 വർഷത്തെ സബ്സിഡി മാർഗ രേഖ ഖണ്ഡിക 6-2-18 പ്രകാരം പഞ്ചായത്ത് വിഹിതം മൂന്ന് രൂപയാണ് അനുവദിക്കേണ്ടത്. ബാക്കി ഒരു രൂപ അനുവദിക്കേണ്ടത് ക്ഷീര വികസന വകുപ്പ് ആണ്. പദ്ധതികൾ

നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമാകേണ്ടതാണ്.

# 1-26 മഴക്കാല പൂർവ്വ ശുചീകരണം -വിനിയോഗിയ്ക്കാത്ത തുക തിരിച്ചടവാക്കിയിട്ടില്ല.

പ്രോജക്റ്റ് നം-32/19

പ്രോജക്ടിന്റെ പേര്-മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

നിർവഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ബിൽ നം -14/18-19 തിയ്യതി-14-6-18 തുക 100000

മഴക്കാല രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഓരോ വാർഡിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനായി 9 വാർഡുകളിലേയ്ക്ക് 7692 രൂപ വീതവും 4 എണ്ണത്തിന് 7693 രൂപ വീതവും ശുചിത്വ കമ്മറ്റികൾക്ക് വീതിച്ച് നൽകുന്നതിനായി മെഡിക്കൽ ഓഫീസർക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്. 13 കൺവീനർമാർ ഒപ്പിട്ട് നൽകിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 83500 രൂപ മാത്രമാണ് വിനിയോഗിച്ചതായി കാണുന്നത്. ബാക്കി 16599 രൂപ തിരികെ അടവാക്കിയിട്ടില്ല. ആയത് തിരികെ അടവാക്കി, പ്രവർത്തിയുടെ വാല്യുവേഷൻ, പ്രവർത്തിയുടെ മസ്റ്റർ റോൾ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 100000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-27 വെള്ളക്കരം അടവാക്കൽ- ബിൽ പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കിയിട്ടും അരിയർ ഇനത്തിൽ തുക അടവാക്കിയിരിക്കുന്നു.

പ്രോജക്റ്റ് നം-11/19

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ -1165500 (മെയിൻറനൻസ് ഗ്രാൻറ് -നോൺ റോഡ്)

ചെലവ്-1081517

1പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് തൻ വർഷം 1081517 രൂപ അടവാക്കിയിട്ടുണ്ട്. നാളിതുവരെയായിട്ടും ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 2018 ഒക്ടോബർ വരെ 202 ടാപ്പുകൾക്ക് നവംബർ മുതൽ 208 ടാപ്പുകൾക്കും തുക നൽകിയിരിയ്ക്കുന്നു. ഇപ്രകാരം ആറു ടാപ്പുകളുടെ എണ്ണം പുതിയതായി ഡിമാൻറ് ചെയ്തതിൽ, ടി ടാപ്പുകൾ പഞ്ചായത്തിൽ എവിടെയാണ് സ്ഥാപിച്ചതെന്നതിന്റെ വിവരം ലഭ്യമല്ല. ആയതിന്റെ വിശദാംശങ്ങൾ വാട്ടർ അതോറിറ്റിയോട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതായും കാണുന്നില്ല.

2. ഇൻവോയ്സ് നം 1792/21-11-18 പ്രകാരം 93642 രൂപ(208 ടാപ്പുകൾ)അരിയർ തുകയായി 2625 രൂപയും ഫൈൻ ആയി 17 രൂപയും ഡിമാൻറ് ചെയ്തിട്ടുണ്ട്. ബിൽ നം 39/18-19 തിയ്യതി 26-11-18 പ്രകാരം 88375 രൂപയും 4018-19 തിയ്യതി 26-11-18 പ്രകാരം 5250 രൂപയും ആകെ 93625 രൂപയും അടവാക്കിയിട്ടുണ്ട്. ഒക്ടോബർ കൂടിയുള്ള ബില്ലുകൾ എല്ലാം അടവാക്കിയിട്ടും ഇപ്രകാരം അരിയർ ഉണ്ടാവാനിടയായതു സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3.ഡിമാൻറ് നോട്ടീസ് നം 2752/15-12-18 പ്രകാരം 208 ടാപ്പിന് 91000 രൂപയും അരിയർ 5267 രൂപയും ഫൈൻ 70 രൂപയും അടക്കം ആകെ 96337 രൂപ ഡിമാൻറ് ചെയ്യുകയും ബിൽ നം 54/18-19 തിയ്യതി 31-12-18 പ്രകാരം 96267 രൂപ അടവാക്കുകയും ചെയ്തു. നവംബർ മാസം വരെയുള്ള മുഴുവൻ തുകയും അടവാക്കിയതിനു ശേഷവും അരിയർ വരാനിടയായ സാഹചര്യത്തെപ്പറ്റി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-28 മങ്ങാട് കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര വാങ്ങൽ-സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത ഉല്പന്നം സപ്ളൈ ചെയ്തു

പ്രോജക്റ്റ്-37/19

പ്രോജക്റ്റിന്റെ പേര്-മങ്ങാട് കമ്മ്യൂണിറ്റി ഹാളിലേക്ക് മേശ കസേര വാങ്ങൽ-

ബിൽ നം -84/18-19 തി.22-3-19-തുക-70750

ബിൽ നം -73/18-19 തി.1-3-19-തുക-67250

ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം plastic chair with arm 245 എണ്ണം ആണ് സപ്ലൈ ചെയ്യേണ്ടത്. ടെണ്ടർ ലഭിച്ച ഹൈ ലുക്ക് ഫർണ്ണിച്ചർ ലഭ്യമാക്കിയ ഇൻവോയ്സ് നം 165/16-2-19 പ്രകാരം fibre arm less chair ആണ് സപ്ലൈ ചെയ്തു കാണുന്നത്. ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത സാധനം വാങ്ങുവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

# 1-29 തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ

പ്രോജക്റ്റ് നം-92/19

പ്രോജക്റ്റിന്റെ പേര്-തെരുവ് വിളക്കുകളുടെ മെയിൻറനൻസും ഉപകരണങ്ങൾ വാങ്ങലും
നിർവഹണോദ്യോഗസ്ഥൻ -സെക്രട്ടറി
ബിൽ നം -57/18-19 തി-14-1-19 തുക-244074

ബിൽ നം -62/18-19 തി-24-1-19 തുക-5846

മേൽ പദ്ധതി പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് .

വാങ്ങിയ സാധനങ്ങൾ 13 വാർഡുകളിലെ മെമ്പർമാർക്കായി വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം മെമ്പർമാർക്ക് വിതരണം ചെയ്ത സാധനങ്ങളുടെ വിനിയോഗം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിയ്ക്കുകയോ, വിനിയോഗം സംബന്ധിച്ച വിവരം പഞ്ചായത്തിൽ ലഭ്യമാക്കിയതായോ കാണുന്നില്ല. വാങ്ങിയ സാധനങ്ങളുടെ ആവശ്യകത എപ്രകാരം നിർണ്ണയിച്ചു എന്നതിന്റെ കണക്കും ലഭ്യമല്ല. പഞ്ചായത്തിൽ തെരുവു വിളക്കുകളുടെ എണ്ണം തരം (പോസ്റ്റ് നമ്പർ ഉൾപ്പെടെ ) എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 12/19 തി. 17.3.20 ന് മറുപടിയും നൽകിയിട്ടില്ല.

മേൽ പ്രകാരം മെമ്പർമാർ കൈപ്പറ്റിയ ഉപകരണങ്ങളുടെ വിനിയോഗ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കരാറുകാരൻ അറ്റകുറ്റപ്പണി നടത്തിയ കണക്കുകളുമായി താരതമ്യപ്പെടുത്തി വിനിയോഗം, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 249920 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-30 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

പ്രോജക്റ്റ് നം-1/19

പ്രോജക്റ്റിൻറെ പേര്-തെരുവ് വിളക്ക് പരിപാലനം വാർഷിക കരാറിൽ ഏർപ്പെടൽ

നിർവ്വഹണം -സെക്രട്ടറി

അടങ്കൽ-250000

ചെലവ്-176050

ബിൽ നം-19/18-19 തിയ്യതി-19-7-18- തുക-86100

ബിൽ നം-59/18-19 തിയ്യതി-16-1-19- തുക-89980

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ റിപ്പയറിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ഷൈജു ചിറ്റിലപ്പള്ളി എന്നവരുടെ ടെണ്ടർ 19-5-18 തിയ്യതിയിലെ 2(1) നം തീരുമാന പ്രകാരം അംഗീകരിച്ചു. ഈ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല. ആയതിന്റെ അടിസ്ഥാനത്തില്ല ടെണ്ടർ ക്ഷണിച്ചിരിയ്ക്കുന്നത് .

2.ടെണ്ടർ ലഭിച്ച ശ്രീ.ഷൈജു എന്നവർ വാലിഡ് ആയ ഇ.എം.ഡി അടവാക്കിയതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 10-11-16 മുതൽ 10-11-17 വരെ കാലാവധി തിയ്യതിയുള്ള എഫ്.ഡി രസീതിയുടെ പകർപ്പാണ് ഫയലിലുള്ളത്.

3. 15-9-11 ലെ 3055/DA3-2011 ത സ്വ ഭ വ സർക്കുലർ പ്രകാരം 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കേണ്ടതുണ്ട്. എന്നാൽ 15000 രൂപ മാത്രമെ അടവാക്കിയിട്ടുള്ളു.

4.7-11-17 തിയ്യതിയിലെ 177/ഡി എ 3 /2016 തസ്വഭവ സർക്കുലർ പ്രകാരം Amc യിൽ പ്രവർത്തി പൂർത്തീകരിച്ച തുകയ്ക്കുള്ള ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ബിൽ തുകയിൽ നിന്നും 10% റീ ടെൻഷൻ തുക ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയത് ഈടാക്കിയതായി കാണുന്നില്ല.

5.മേൽ സർക്കുലറിൽ കരാറുകാരന് ബി ക്ലാസ്സ് ലൈസൻസ് ഉള്ളതിന്റെയും സൂപ്പർവൈസറി ലൈസൻസ് ഉള്ളതിന്റെയും രേഖ ഫയലില്ല.

6.കരാറുകാരൻ വാറൻറി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിയ്ക്കുന്നില്ല. ആയത് റീപ്ളേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ പഞ്ചായത്തിൽ സ്വീകരിയ്ക്കുന്നില്ല. ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7.വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തുക നൽകുന്നത്. എന്നാൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിലെ വിവരങ്ങളും അനുവദിച്ച തുകയും ചില വാർഡുകളിലെത് പൊരുത്തപ്പെടുന്നില്ല. ഒൻപതാം വാർഡിൽ 5 ട്യൂബ് മാറ്റിയിട്ടിട്ടുണ്ടെന്ന് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സിംഗിൾ ട്യൂബ് ആണോ ഡബിൾ ട്യൂബ് ആണോ എന്ന് വ്യക്തമല്ല.എന്നാൽ ഡബിൾ ട്യൂബിന്റെ നിരക്കാണ് അനുവദിച്ചിരിയ്ക്കുന്നത്.കരാറുകാരൻ ഹാജരാക്കിയിരിയ്ക്കുന്ന ഇൻവോയ്സ് പ്രകാരം 85 w Cfl 9 എണ്ണം റിപ്പയർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഡ് മെമ്പർ മാരുടെ സാക്ഷ്യ പത്രം പ്രകാരം 1 എണ്ണം മാത്രമാണ് റിപ്പയർ ചെയ്തതായി രേഖപ്പെടുത്തിയിരിയ്ക്കുന്നത്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ട തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ച കൊണ്ട് നടപ്പിലാക്കാത്തതും കൃത്യമായ കണക്കുകളുടെയും അനുബന്ധരേഖകളുടെയും അഭാവവും പദ്ധതിപണം പാഴാവുന്നതിന് കാരണമാവും ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.07.19 മുതൽ 27.07.19 വരെ | കെ.എസ്.എ-ടി.എസ്.ആർ. എസ്1-1120/19(65) തീയതി 30.08.19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 500000 | പോർകുളം | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പി.എച്ച്.സി.യിൽ മുലയൂട്ടൽ കേന്ദ്രം നിർമ്മാണം | | |
| | | 3532 | പാലിന് സബ്സിഡി | 0 | 3532 |
| | | 300000 | അംഗൻവാടി പോഷകാഹാരം | 300000 | 0 |
| | 2018-19 | 12000 | അംഗൻവാടിയിൽ ബേബി ടോയിലറ്റ് നിർമ്മാണം | | |
| | | 175000 | അംഗൻവാടി പോഷകാഹാരം | 175000 | 0 |
| | | 100000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 100000 | പെയിൻ ആൻഡ് പാലിയേറ്റിവ് | 100000 | 0 |
| | | 350000 | നെൽകൃഷി വികസനം | 350000 | 0 |
| | | 455000 | ലൈഫ് ഭവന പദ്ധതി ജനറൽ | 455000 | 0 |
| | | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| | 2017-18 | 55600 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 55600 | 0 |
| | 2018-19 | 45000 | കിണർ റീചാർജിങ് | 45000 | 0 |
| | | 50000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 42800 | 7200 |
| | | 56360 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 56360 | 0 |
| | | 576064 | ലൈഫ് ഭവന പദ്ധതി ജനറൽ | 576064 | 0 |
| | | 800000 | മാങ്ങാട് പുളിഞ്ചുവട് റോഡ് കാന നിർമ്മാണം | 0 | 800000 |

| ജില്ലാ പഞ്ചായത്ത് | | | | | |
|---|---|---|---|---|---|

ലഭ്യമാക്കിയ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 19.3.20 ന് സ്ഥാപനം നൽകിയ നോട്സ് പ്രകാരം അപാകത പരിഹരിച്ച് ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ.ഇ ബി. | 07/2020 സ്ട്രീറ്റ് മെയിൻ എക്സ്സ്റ്റെൻഷൻ | 335092 | 0 | 335092 |
| | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വയ്ക്കൽ | 50000 | 0 | 50000 |
| ഭൂജല വകുപ്പ് | 34/2020 07,11വാർഡുകളിൽ കുഴർ കിണർ നിർമ്മാണം | 143240 | 0 | 143240 |
| ആകെ | | | | 528332 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തന് വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ ലോൺ | 326 / ഡി.ബി./0 1 / 2017/ ത.സ്വ.ഭ.വ തീയതി : 23.11.2017 | 2338336 | 0 | 0 | 0 | 838336 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വര്ഷം | ഭാഗം / ഖണ്ഡിക | ഈൗടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ /തീയതി |
|---|---|---|---|---|
| 2017 -18 | 2 .3 | 38 | അഷറഫ് | 118050100875/28.06.2018 |
| | 2 .3 | 111 | സത്യഭാമ | 118050100876/28.06.2018 |
| | 2 .3 | 33 | പ്രഭാകരൻ | 118050100877/28.06.2018 |
| | 2 .3 | 4 | തിലകൻ | 118050100878/28.06.2018 |
| | 2 .3 | 12 | രതീഷ് | 118050100879/28.06.2018 |
| | 3.6 | 12420 | അഷറഫ്.പി.എച് | 118050101146/24.07.2018 |
| ആകെ | | 12618 | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50,049,129 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45272260 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4071204 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1848444 | പ്രസൂൺ.ഇ., അസി.എഞ്ചിനീയർ |
| 1-18 | 1300840 | വൃന്ദ.വി., സെക്രട്ടറി |
| 1-19(1) | 12000 | ഡോ.ബൈജു.ഇ.കെ., വെറ്ററിനറി സർജൻ |
| 1-19(2) | 350000 | ഡോ.ബൈജു.ഇ.കെ., വെറ്ററിനറി സർജൻ |
| 1-22 | 210000 | ജയശ്രീ.ഇ., കൃഷി ഓഫീസർ |
| 1-26 | 100000 | ഷീജ.എൻ.വി., സെക്രട്ടറി ഇൻ ചാർജ് |
| 1-29 | 249920 | വൃന്ദ.വി., സെക്രട്ടറി |
| ആകെ | 4071204 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84, 84-85 | | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമല്ല |
| 88-89, 89-90 | | ഖണ്ഡികകൾ 39, 17, 20 നിലനിൽക്കുന്നു |
| 90-91 | | 7(ജി),7(എച്ച്),(ഐ),(ജെ), 15, 16 നിലനിൽക്കുന്നു |
| 92-93 93-94 | | ഖണ്ഡികകൾ 9(ഡി),(ഇ), 1(ഐ),(ജെ) നിലനിൽക്കുന്നു |
| 94-95 | | ഖണ്ഡികകൾ 9(ഇ), എഫ്, (ജി),(എച്ച്) നിലനിൽക്കുന്നു |
| 96-97 | എൽ.എഫ്.ടി.10-1404/01/02-02-02 | |
| 98-99 | എൽ.എഫ്.ടി.10-65/05/30-09-05 | |
| 99-00 | എൽ.എഫ്.ടി.10-66/05/30-09-05/21-11-05 | |
| 99-00 മുതൽ 2001-02 വരെ ജനകീയാസൂത്രണം | എൽ.എഫ്.ടി.10-1080/03/08-12-2003/25-03-04 | |
| 2000-01 | എൽ.എഫ്.ടി.10-151/06/19-06-06 | |
| 01-02 | എൽ.എഫ്.ടി.10-150/06/29-08-06/31-10-06 | |
| 02-03 | എൽ.എഫ്.ടി.10-152/07/08-10-07 | |
| 03-04 | എൽ.എഫ്.ടി.10-121/07-11-07/08-01-08 | |
| 04-05 | എൽ.എഫ്.ടി.10-1956/08/23-06-10 | |
| 05-06 | എൽ.എഫ്.ടി.10-1957/08/23-06-10/17-08-10 | |
| 06-07 | എൽ.എഫ്.ടി.10-568/10/17-05-11/11-10-11 | |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി(പി2)-1619/12/18-03-13/ 02-08-13 | |
| 11-12 | എൽ.എഫ്.ടി.പി.6-913/13 തി.22-11-13/01.01.14 | |
| 12-13 | എൽ.എഫ്.ടി.പി.9-1442/14 തി.05-01- | |

| | | |
|---|---|---|
| | 15/07-03-15 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി.9)1209/15/ 20.10.15/04.11.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി.9) 999/16 തി-24.06.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ (പി.8) 1279/16 തി.01.11.2016 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)/1406/2017 തീയതി 14.09.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി6)/1371/2018 തീയതി:04.10.2018 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പോർക്കുളംഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ